LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തതിനാൽ ഈ അന്തരം കൂടുകയാണ്.

(ബി) ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആകെ 187 മെഗാവാട്ട് ശേഷിയുള്ള 12 ജലവൈദ്യുതപദ്ധതികളുടെ പണി നടന്നുവരുന്നു. 398 മെഗാവാട്ടിന്റെ 19 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇവയ്ക്കുപുറമെ പാമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം ഇവയിൽനിന്നുള്ള പദ്ധതികളും നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) കേന്ദ്രവിഹിതവും മറ്റ് സ്രോതസ്സുകളിൽകൂടി ലഭിക്കുന്ന വൈദ്യുതിയും ചേർത്ത് മൊത്തം വൈദ്യുതി പുറമെനിന്ന് എത്തിക്കാൻ പ്രസരണ ഇടനാഴിയുടെ ശേഷി കുറവ് പലപ്പോഴും തടസ്സമാകാറുണ്ട്. അതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി മുഴുവനും ലൈനുകളുടെ അപര്യാപ്തതമൂലം എത്തിക്കാൻ കഴിയാതെവരുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈനും 400 കെ.വി. തിരുനെൽവേലി-കൊച്ചി-മാടക്കത്തറ ലൈനിന്റെ ഭാഗമായ ഇടമൺ-കൊച്ചി ലൈനിന്റെയും പണി പൂർത്തിയാകുന്നതോടുകൂടി അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെയും തർക്കങ്ങൾ പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ലൈനുകൾ പി.ജി.സി.ഐ.എൽ. ആണ് നിർമ്മിക്കുന്നത്. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-നെ സഹായിക്കുവാനായി ഒരു പ്രത്യേക ടാസ്ക് ഫോഴ്സും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതിബോർഡിന്റെ കടവും വരുമാനവും ചാർജ്ജ് കുടിശ്ശികയും

41 (386) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതിബോർഡിന്റെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ; ഇതിൽ ഹ്രസ്വകാല-ദീർഘകാല വായ്പകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വായ്പ പലിശയിനത്തിൽ ഓരോ വർഷവും ബോർഡിനുണ്ടാകുന്ന ചെലവ് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ബോർഡ് എത്ര രൂപയുടെ കടമെടുത്തിട്ടുണ്ട് എന്നും അത് എവിടെനിന്നാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചാർജ്ജ് വർദ്ധന, സർചാർജ്ജ് ഇനത്തിൽ കഴിഞ്ഞ നാലുവർഷം കൊണ്ട് ബോർഡിനുണ്ടായ അധിക വരുമാനം വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) ബോർഡിന് കടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതിബോർഡിന്റെ 31-3-2015-ലെ വായ്പയിനത്തിലുള്ള കടത്തിന്റെ ഇനംതിരിച്ചുള്ള താൽക്കാലിക കണക്കുകൾ ചുവടെ ചേർക്കുന്നു :

1	ദീർഘകാല വായ്പ	1134.26 കോടി
2	മദ്ധ്യകാല വായ്പ	566.67 കോടി
3	ഹ്രസ്വകാല വായ്പ	2400.00 കോടി
4	ഓവർഡ്രാഫ്റ്റ് ഇനം	1701.89 കോടി
	ആകെ	5802.82 കോടി

(ബി) വായ്പ പലിശയിനത്തിൽ ബോർഡിനുണ്ടായ ചെലവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	210.88
2012-13	350.30
2013-14	564.98
2014-15	609.44

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2011-12 മുതൽ 2014-15 വരെ ബോർഡ് എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു: വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	1380.26
2012-13	2499.35
2013-14	3301.86
2014-15	3324.29

(ഡി) കഴിഞ്ഞ 4 വർഷത്തെ ബോർഡിന്റെ വരുമാനം ചുവടെ ചേർക്കുന്നു: വിവിധ വിഭാഗത്തിലുണ്ടായ വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്, നിരക്ക് വർദ്ധനവ്, സർചാർജ്ജ് എന്നീ ഇനങ്ങൾ ഉൾപ്പെടുന്നതാണ് ഈ വരുമാനം.

സാമ്പത്തിക വർഷം	വിറ്റ യൂണിറ്റ് (മില്യൺ യൂണിറ്റ്)	വരുമാനം തുക (കോടിയിൽ)
2010-11	14678.14	5403.76
2011-12	16181.63	5817.82
2012-13	16838.24	7446.98
2013-14	17454.04	9974.19

(ഇ) 2013-14-ലെ താൽക്കാലിക കണക്കുപ്രകാരം ഏകദേശം 1776.09 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ

42 (387) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്നും എത്ര സമയത്തേക്കാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly